**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്-റവന്യൂ ഡിവിഷണൽ ഓഫീസറുടെ പേരിൽ കാസർഗോഡ് സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.7580/2018/ധന.** തിരുവനന്തപുരം, തീയതി **11/09/2018**

പരാമർശം:- 1. 10/08/2018 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എഫ് ബി (എ)9-38265/18 നമ്പർ കത്ത്.

2. ഭരണ വകുപ്പ് ഫയൽ നം.REV-F2/438/2018-REV Computer No.933847

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലയിൽ പുതുതായി ആരംഭിച്ച റവന്യൂ ഡിവിഷണൽ ഓഫീസിലെ ക്രിമിനൽ കേസുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസറുടെ പേരിൽ ഒരു പലിശ രഹിത ടി.എസ്.ബി അക്കൗണ്ട് തുടങ്ങുന്നതിന് അനുവാദം നൽകണമെന്ന് കാസർഗോഡ് ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ ആയതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിലേയ്ക്കായി റവന്യൂ ഡിവിഷണൽ ഓഫീസറുടെ പേരിൽ കാസർഗോഡ് സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ലാൻഡ് റവന്യൂ കമ്മീഷണർ. തിരുവനന്തപുരം
റവന്യൂ വകുപ്പ് (e-file No:REV-F2/438/2018-REV Computer No.933847 പ്രകാരം)
ധനകാര്യ (വ്യയം-ബി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ